**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 126** | **02-02-2024 - ൽ മറുപടിയ്ക്ക്**

**അന്തർ സംസ്ഥാന റൂട്ടുകളിൽ സ്വകാര്യ ബസ്സുകളുടെ അമിത നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ വി ജോയി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ എം നൗഷാദ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സ്വകാര്യ ബസ്സുകൾ അമിത നിരക്ക് ഈടാക്കുന്നത് അവസാനിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി അന്തർ സംസ്ഥാന റൂട്ടുകളിൽ സർവീസ് വിപുലമാക്കാൻ സ്വകാര്യ ബസ്സുകൾ ഏറ്റെടുക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>അന്തർ സംസ്ഥാന റൂട്ടുകളിൽ സർവീസ് വിപുലമാക്കാൻ സ്വകാര്യ ബസ്സുകൾ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി 29.05.2023-ലെ TRANS-S/7/2023-TRANS കത്ത് പ്രകാരം Net Cost Contract (NCC) വ്യവസ്ഥയിൽ കരാറടിസ്ഥാനത്തിൽ സ്വകാര്യ ബസുകൾ നിരത്തിൽ ഇറക്കുന്നതിനു 22.11.2023 തീയതിയായി ഇ-ദർഘാസ് ക്ഷണിക്കുകയും, തുടർ നടപടികൾ നടന്നുവരികയുമാണ്. |
| (ബി) | ഇപ്രകാരം ഏറ്റെടുക്കുന്ന ബസ്സുകൾക്ക് ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഇതിനായി എന്തെല്ലാം നിബന്ധനകളാണ് മുന്നോട്ട് വയ്ക്കുന്നത്; ഇതുവഴി കെ.എസ്.ആർ.ടി.സി. എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ? | (ബി) | നെറ്റ് കോസ്റ്റ് കോൺട്രാക്ട് (എൻ.സി.സി.) വ്യവസ്ഥയിലുള്ള ബസുകളുടെ വിന്യാസത്തിൽ കെ.എസ്.ആർ.ടി.സി.-യാണ് നിശ്ചിത റൂട്ടുകൾ തിരഞ്ഞെടുക്കുന്നതും നിർണ്ണയിക്കുന്നതും. ദർഘാസ് വ്യവസ്ഥകൾ പ്രകാരം തിരഞ്ഞെടുക്കുന്ന ഏജൻസികളാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.<br><br>ക്രൂ അംഗങ്ങൾ ഉൾപ്പടെയുള്ള ബസുകൾ നൽകുന്നതിന് പുറമെ, ഇതുമായി ബന്ധപ്പെട്ട എല്ലാ ആകസ്മിക ചെലവുകളും ഏജൻസികൾ വഹിക്കും. സർവീസ് നടത്തിപ്പിനൊപ്പം യാത്രാക്കൂലി ശേഖരിക്കുന്നതിനുള്ള ഉത്തരവാദിത്തം കാരാറുകാരിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ രണ്ട് കക്ഷികളും തമ്മിലുള്ള കരാറിനനുസൃതമായി ഓരോ റൂട്ടിനും നിശ്ചിത തുക കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിക്ക് ഏജൻസികൾ നൽകണം.<br><br>ബസ്സുകൾക്ക് കരാർ കാലാവധിയിൽ കെ.എസ്.ആർ.ടി.സിയുടെ പെർമിറ്റുകൾ നിശ്ചിത വ്യവസ്ഥകളോടെ നൽകും. ടി ബസ്സുകൾക്ക് കെ.എസ്.ആർ.ടി.സി.-ക്ക് സമാനമായി *Passenger* |

| | | | |
|---|---|---|---|
| | | | *Tax*-ൽ ഇളവ് ഏർപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ